# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.580 05.06.2018-ൽ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് ഫണ്ട്

| ചോദ്യം<br>ശ്രീ.പി.സി. ജോർജ്: | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ; | (എ) | കാരുണ്യ ബെനവലൻറ് ഫണ്ടിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ 243.13 കോടി രൂപ ചെലവഴിച്ചു. സർക്കാർ ആശുപത്രികളിൽ ചികിത്സിക്കുന്ന രോഗികൾക്കുള്ള ചികിത്സാ സഹായമായി 185.07 കോടി രൂപയും സ്വകാര്യ അക്രഡിറ്റഡ് ആശുപത്രികൾക്ക് 50.44 കോടി രൂപയും, റീഇംബേഴ്സ്മെൻറ്/ പ്രത്യേക അനുമതി പ്രകാരമുള്ള അപേക്ഷകളിൽ 5.56 കോടി രൂപയും ചികിത്സാ സഹായമായി ചെലവഴിച്ചു. ഭരണപരമായ ചെലവുകൾക്കും മറ്റിനങ്ങൾക്കുമായി 2.06 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | കാരുണ്യ ബെനവലന്റ് ഫണ്ട് ജനങ്ങൾക്ക് ലഭിക്കുവാൻ വേണ്ടി എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്; വ്യക്തമാക്കുമോ? | (ബി) | കാരുണ്യ പദ്ധതി മുഖേന 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ഒരു റേഷൻകാർഡിലെ ഒരാൾക്കോ ഒന്നിലധികം പേർക്കോ ഹൃദയം, കരൾ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയ, ക്യാൻസർ, ഗുരുതര ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾ, എന്നിവയ്ക്ക് പരമാവധി രണ്ട് ലക്ഷം രൂപ ധനസഹായം ലഭിക്കും. വൃക്കരോഗികൾക്ക് പരമാവധി മൂന്ന് ലക്ഷം രൂപ ചികിത്സാ ധനസഹായം ലഭിക്കും. ഹീമോഫീലിയ രോഗത്തിന് വരുമാനപരിധി ഇല്ലാതെ ആജീവനാന്തം ചികിത്സാ ധനസഹായമനുവദിക്കുന്നു.<br>ചികിത്സിക്കുന്ന ഡോക്ടറുടെ എസ്റ്റിമേറ്റ്, മറ്റ് നിർദ്ദിഷ്ട രേഖകൾ എന്നിവ സഹിതം ധനസഹായത്തിനുള്ള അപേക്ഷ രോഗിയുടെ റേഷൻ കാർഡ് ഉൾപ്പെടുന്ന ജില്ലയിലെ ജില്ലാ ഭാഗ്യക്കുറി ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയും അനുബന്ധ രേഖകളും ജില്ലാതല കമ്മിറ്റി പരിശോധിച്ച് അർഹമായവ സംസ്ഥാനതല കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്യുന്നു. പ്രസ്തുത അപേക്ഷകളിൽ അഡ്മിനിസ്ട്രേറ്റർ മുൻകൂർ ചികിത്സാനുമതി ആശുപത്രിക്ക് നൽകുകയും രോഗിക്ക് ചികിത്സ ലഭിക്കുകയും ചെയ്യുന്നു. അടിയന്തിര സാഹചര്യത്തിൽ സർക്കാർ ആശുപത്രികളിലെ ചികിത്സയ്ക്ക് മുൻകൂർ അനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ